# മഴ നനയാൻ മോഹിച്ച കുട്ടി

**ഉദയൻ പുറത്തൂർ**

മുറ്റത്തുനിന്ന് മഴ നനഞ്ഞതിന്,
പനി പിടിക്കുമെന്ന് പറഞ്ഞ്
അയാൾ മകനെ ശകാരിച്ചു.

തുലാവർഷത്തിലെ മഴയിൽ
പരൽമീനിനെ പിടിക്കാൻ
കൊയ്ത്തൊഴിഞ്ഞ പാടത്ത്
തോർത്തുമെടുത്ത് നടന്നതും
പകലന്തികളിൽ മഴ നനഞ്ഞതും

മഴ കൊള്ളാൻ മോഹിച്ച്
കുടയെടുക്കാതെ സ്കൂളിൽ പോയതും
വീട്ടുമുറ്റത്തെ മഴവെള്ളപ്പാച്ചിലിൽ
കടലാസുതോണിയിറക്കിയതും
സൗകര്യപൂർവം അയാൾ മറന്നിരിക്കുന്നു.



# ഗൃഹപ്രവേശം

**ഷഫീഖ് പരപ്പുമ്മൽ**

ആർകിടെക്റ്റ് സുഹൃത്തേ,
വരഞ്ഞു വെച്ച
അളവെങ്ങനെയാടോ
തെറ്റിപ്പോയത്?
ഒന്നു നിവർന്നു കിടക്കാൻ
കഴിയാത്തവിധം
പ്ലാനെങ്ങനെയാ
ചുരുങ്ങിപ്പോയത്?
മുറികൾക്ക് ചുറ്റും
വെളിച്ചം കെടാത്ത
ജാലകച്ചില്ലുകളുടെ ചിത്രം കാട്ടി
ചുമ്മാ കൊതിപ്പിച്ചതാണല്ലേ?
ഇരുട്ട് തിന്ന് തിന്ന്
കറുത്തു പോയെടോ ഞാൻ
പണിതു തീരും മുമ്പേ
ഗൃഹപ്രവേശത്തിന്
ക്ഷണപത്രം
തീർത്തവനേ...
എന്റെ കിനാക്കൂടിനെന്തിനാണ്
ഖബ്റെന്ന് പേര് വെച്ചത്?